**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1040** **07-12-2022 - ൽ മറുപടിയ്ക്ക്**

**ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്രിമിനൽ കേസിൽ ഉൾപ്പെട്ട് അന്വേഷണം നേരിടുന്ന ഐ. എഫ് .എസ് .ഉദ്യോഗസ്ഥർ ആരെല്ലാം ; വിശദാംശം നൽകുമോ; ഇവർ ഉൾപ്പെട്ട കേസുകളുടെയും കേസുകളുടെ നിലവിലെ സ്ഥിതിയുടെയും വിശദ വിവരം ലഭ്യമാക്കുമോ; | (എ) | **ശ്രീ.ആർ.കമലാഹർ, ഐ.എഫ്.എസ്., ശ്രീമതി.റ്റി.ഉമ, ഐ.എഫ്.എസ്. എന്നിവർ ക്രിമിനൽ കേസിൽ ഉൾപ്പെട്ട് അന്വേഷണം നേരിടുന്നുണ്ട്.**<br><br>**2015-ൽ മലയാറ്റൂർ വനം ഡിവിഷനിൽ ഇടമലയാർ ഫോറസ്റ്റ് സ്റ്റേഷൻ ക്രൈം ഒ.ആർ. 01/15 നമ്പർ കേസിലെ പ്രതിയായ ശ്രീ.അജി ബ്രൈറ്റ് എന്നയാൾ, ടിയാനെ വനം വകുപ്പ് ജീവനക്കാർ കസ്റ്റഡിയിൽ വച്ച് കഠിനമായി മർദ്ദിച്ചു എന്ന പരാതിയുടെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ സ്റ്റേഷൻ ഹൗസ് ഓഫീസർ, ക്രൈം FIR 1443/7.8.15 ബുക്ക ചെയ്യുകയും തുടർന്ന് ടി കേസ് തിരുവനന്തപുരം ജില്ലയിലെ മ്യൂസിയം സ്റ്റേഷനിൽ ടി പരാതി ക്രൈം നമ്പർ 1026/8.8.2015 U/S 323, 324, 326 of 34 IPC ആയി രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് ശ്രീമതി.റ്റി.ഉമ, ഐ.എഫ്.എസ്., ശ്രീ.കമലാഹർ ഐ.എഫ്.എസ്. ഉൾപ്പെടെ മറ്റ് 10 വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ മ്യൂസിയം പോലീസ് സ്റ്റേഷനിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിരുന്നു. തുടർന്ന് ടി കേസ് അന്വേഷണത്തിനായി ക്രൈംബ്രാഞ്ചിന് കൈമാറുകയും, Cr. No.03/CBCU-1/TVPM/2016 എന്ന നമ്പർ കേസായി അന്വേഷണം നടത്തി വരികയുമാണ്. ടി കേസിന്റെ അന്വേഷണം അന്തിമഘട്ടത്തിലാണ്.**<br><br>**കൂടാതെ ശ്രീ.പ്രദീപ്കുമാർ, ഐ.എഫ്.എസ്.-നെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണവും നടക്കുന്നുണ്ട്. Section 7(a) of the PC Act (Amendment) 2018 പ്രകാരം വി.സി.2/2022 എൻ.ആർ.കെ. നമ്പർ വിജിലൻസ് കേസിലാണ് ടിയാൻ ഉൾപ്പെട്ടിട്ടുള്ളത്. കോഴിക്കോട് - കണ്ണൂർ നാഷണൽ ഹൈവേയിൽ, മുട്ടുങ്ങൽ കെ.എസ്.ഇ.ബി.ഓഫീസിനടുത്ത് വച്ച് സോഷ്യൽ** |

| | | | |
|---|---|---|---|
| | | | **ഫോറസ്റ്റി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആയിരുന്ന ശ്രീ.ഇ.പ്രദീപ്കുമാർ ഐ.എഫ്.എസ്. സഞ്ചരിച്ചിരുന്ന ഔദ്യോഗിക വാഹനമായ KL-01-BZ-7063 നമ്പർ ഇന്നോവ കാർ, കോഴിക്കോട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ സെൽ പോലീസ് സൂപ്രണ്ട് പരിശോധിച്ച് വാഹനത്തിൽ സൂക്ഷിച്ചിരുന്ന 85,000/- രൂപ കണ്ടെടുത്ത സംഭവമാണ് കേസിനാധാരം. ഈ കേസിൽ പോലീസ് വിജിലൻസ് അന്വേഷണം നടത്തിവരുന്നു.** |
| (ബി) | സമീപ കാലങ്ങളിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ മുൻപില്ലാത്ത വിധം ക്രിമിനൽ കേസുകളിൽ ഉൾപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിശോധിച്ചിട്ടുണ്ടോ; വിവരം നൽകുമോ ? | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല** |

സെക്ഷൻ ഓഫീസർ